4435
23/4/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - ഗാർഹിക പീഡനത്തിൽ നിന്നും വനിതകൾക്ക് സംരക്ഷണം നൽകുന്ന നിയമം 2005 - ഷെൽട്ടർ ഹോമുകൾ തുടങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം .213 /2015/സാനീവ** **തീയതി, തിരുവനന്തപുരം, 31.03.2015**

---

പരാമർശം : (1) 05.08.2014 ലെ സ.ഉ.(സാധാ) നം.481/2014/സാനീവ.

(2) സാമൂഹ്യനീതി ഡയറക്ടറുടെ 30.03.2015-ലെ എഫ്.2/3881/15 നമ്പർ കത്ത്.

**ഉത്തരവ്**

ഗാർഹിക പീഡനത്തിനിരയായവർക്ക് മാത്രമായി സംസ്ഥാനത്തെ 14 ജില്ലകളിലും ഓരോ പ്രത്യേക ഷെൽട്ടർ ഹോം ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയും, ആയതിലേയ്ക്കായി നടപ്പ് സാമ്പത്തിക വർഷത്തിൽ 2235-02-103-75 (പ്ലാൻ) ശീർഷകത്തിൽ നിന്നും 1,47,33,600/- രൂപ അനുവദിച്ചും പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. ചുവടെ ചേർക്കുന്ന 3 സ്ഥാപനങ്ങളിൽക്കൂടി ഷെൽട്ടർ ഹോം ആരംഭിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (2) ലെ കത്ത് പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങൾക്ക് മതിയായ പശ്ചാത്തല സൗകര്യവും, സ്റ്റാഫും, പ്രവർത്തന പരിചയവും ഉണ്ടെന്ന് പരിശോധനയിലൂടെ കണ്ടെത്തിയിട്ടുണ്ടെന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഷെൽട്ടർ ഹോം ആരംഭിക്കുന്ന സ്ഥലം |
|---|---|---|
| 1. | സ്നേഹസദൻ, കീരംപാറ പി.ഒ, എറണാകുളം | കാസർഗോഡ് ജില്ലയിലെ പഠനക്കാട് |
| 2. | St.John of God Hospitality Society, എരുമേലി, കോട്ടയം | ഇടുക്കി ജില്ലയിലെ കട്ടപ്പന St.Johns Convent |
| 3. | Quilon Social Service Society, ഫാത്തിമ റോഡ്, കൊല്ലം | കൊല്ലം ജില്ലയിലെ ശക്തികുളങ്ങര |

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ 3 സ്ഥാപനങ്ങളിൽ കൂടി ഷെൽട്ടർ ഹോം ആരംഭിക്കുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു. ഇതിലേയ്ക്ക് ആവശ്യമായ തുക '2235-02-103-75 പ്ലാൻ' ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ.ഷാജഹാൻ
സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യ നീതി ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആന്റ്ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി.സെൽ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
✓വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ